**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1073** **06-10-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പുനർഗേഹം പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേ പ്രകാരം വൈപ്പിൻ നിയോജകമണ്ഡലത്തിൽ മാറ്റി പാർപ്പിക്കുന്ന കുടുംബങ്ങൾ എത്രയെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (എ) | തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ വൈപ്പിൻ നിയോജക മണ്ഡലത്തിൽ 382 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. അപ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു. ക്രമ നം. പഞ്ചായത്ത് എണ്ണം 1 പള്ളിപ്പുറം 94 2 ഞാറയ്ക്കൽ 104 3 നായരമ്പലം 83 4 എടവനക്കാട് 89 5 കുഴുപ്പിള്ളി 11 6 എളങ്കുന്നപ്പുഴ 1 ആകെ 382 |
| (ബി) | പ്രസ്തുത കുടുംബങ്ങളിൽ മാറി താമസിക്കാൻ സമ്മതം പ്രകടിപ്പിച്ചിട്ടുള്ളതും പുനർഗേഹം പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ജില്ലാതല അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതുമായ കുടുംബങ്ങൾ എത്രയെന്നും അവരെ മാറ്റി പാർപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ; | (ബി) | പുനർഗേഹം പദ്ധതിയിലുൾപ്പെടുന്നതിനായി അപേക്ഷ സമർപ്പിച്ചവരുടെ എണ്ണവും ജില്ലാതല അപ്രൂവൽ കമ്മറ്റി അംഗീകരിച്ച കുടുംബങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള എണ്ണവും മാറി താമസിക്കാൻ സമ്മതം അറിയിച്ചവരുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു ജില്ലാതല അപ്രൂവൽ കമ്മറ്റി അംഗീകരിച്ച 39 പേരിൽ 10 പേർ കണ്ടെത്തിയ സ്ഥലത്തിന്റേയും 4 പേർ കണ്ടെത്തിയ വീടുൾപ്പെടെയുള്ള സ്ഥലത്തിന്റേയും (ആകെ 14) രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 9 പേർക്ക് ഭവന നിർമ്മാണത്തിനുള്ള മുഴുവൻ ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 5 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. |
| (സി) | ബാക്കിയുള്ള കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ? | (സി) | സർക്കാർ മാനദണ്ഡങ്ങൾ പാലിച്ച് തീരപ്രദേശത്ത് നിന്ന് മാറി താമസിക്കുവാൻ സമ്മതമറിയിച്ച മുഴുവൻ പേരെയും മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | പഞ്ചായത്ത് | അപേക്ഷ സമർപ്പിച്ചവരുടെ എണ്ണം | ജില്ലാതല അപ്രൂവൽ കമ്മറ്റി അംഗീകരിച്ച എണ്ണം | മാറി താമസിക്കാൻ സമ്മതം അറിയിച്ചവർ |
|---|---|---|---|---|
| 1 | പള്ളിപ്പുറം | 0 | 0 | 0 |
| 2 | ഞാറയ്ക്കൽ | 10 | 10 | 8 |
| 3 | നായരമ്പലം | 15 | 15 | 15 |
| 4 | എടവനക്കാട് | 12 | 12 | 13 |
| 5 | കുഴുപ്പിള്ളി | 1 | 1 | 1 |
| 6 | എളങ്കുന്നപ്പുഴ | 1 | 1 | 1 |
| | **ആകെ** | **39** | **39** | **38** |

**സെക്ഷൻ ആഫീസർ**